# കേരള ഗസറ്റ് ഭാഗം IV-ൽ പരസ്യങ്ങൾ നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ

1. കേരളാ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് അപേക്ഷകൻ ഇന്ത്യൻ പൗരനും കേരളത്തിൽ സ്ഥിരമായി താമസിക്കുന്നവരും ആയിരിക്കണം.

2. പേര്/ഒപ്പ്/മതം മാറുന്നതിനും, ജാതി തിരുത്തുന്നതിനുമുള്ള വിവരങ്ങൾ.

പേര്/ഒപ്പ്/മതം എന്നിവ മാറ്റുന്നതിനും, ജാതി തിരുത്തുന്നതിനുമുള്ള അപേക്ഷകളും നിർദ്ദേശങ്ങളും www.egazette.kerala.gov.in എന്ന വെബ്സൈറ്റിലും തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ പബ്ലിക്കേഷൻ വിഭാഗത്തിലും കൊല്ലം, പത്തനംതിട്ട, കോട്ടയം (വാഴൂർ), ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് (ഷൊർണ്ണൂർ), മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട് (മേപ്പാടി) എന്നീ ഫാറം സ്റ്റോറുകളിലും ലഭ്യമാണ്. ഇതിനെ സംബന്ധിക്കുന്ന വിശദമായ നിർദ്ദേശം ചുവടെ ചേർക്കുന്നു:

(എ) പേര്/ഒപ്പ്/മതം എന്നിവ മാറ്റുന്നതിനും, ജാതി തിരുത്തുന്നതിനുമുള്ള വിജ്ഞാപനം കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷിക്കണം. അപേക്ഷാഫാറം തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, വിവിധ ജില്ലകളിൽ (തിരുവനന്തപുരം ജില്ല ഒഴികെ) നിലവിലുള്ള ജില്ലാഫാറം സ്റ്റോറുകൾ എന്നിവിടങ്ങളിൽനിന്നും നേരിട്ടും തപാൽ മുഖേനയും ലഭിക്കുന്നതാണ്. കൂടാതെ www.egazette.kerala.gov.in എന്ന വെബ്സൈറ്റിലെ പ്രസക്ത ഫാറത്തിന്റെ പ്രിന്റും ഉപയോഗിക്കാവുന്നതാണ്.

(ബി) ഖണ്ഡിക-6 പ്രകാരം, പ്രസിദ്ധീകരിക്കേണ്ട വിജ്ഞാപനത്തിന്റെ നക്കൽ രണ്ട് കോപ്പിയും അതോടൊപ്പം വിജ്ഞാപനത്തിൽ പ്രതിപാദിക്കുന്ന വസ്തുതകൾ തെളിയിക്കുന്നതിന് ഉപോൽബലകമായ എല്ലാ രേഖകളും ഹാജരാക്കണം.

(സി) അപേക്ഷ, തെളിവു രേഖകൾ എന്നിവ നിശ്ചിത രീതിയിൽ ആയിരിക്കേണ്ടതും അവയുടെ അടിസ്ഥാനത്തിൽ വിജ്ഞാപനം പൂർണ്ണവും പ്രസിദ്ധീകരണയോഗ്യവും ആയിരിക്കേണ്ടതുമാണ്. അല്ലാതെയുള്ള കാര്യത്തിൽ പരസ്യക്കൂലി മുൻകൂർ ഒടുക്കിയിട്ടുണ്ടെന്നതിന് പ്രാമുഖ്യം നൽകപ്പെടുന്നതല്ല. അപേക്ഷയും അനുബന്ധ രേഖകളും ക്രമത്തിലാണെന്ന് ബോദ്ധ്യപ്പെട്ടതിനുശേഷം മാത്രം പണം അടയ്ക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. അപ്രകാരമല്ലാതെ മുൻകൂർ അടയ്ക്കുന്ന തുക യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല.

3. പരസ്യക്കൂലി (1-10-2014 മുതൽ പ്രാബല്യത്തിലുള്ളത്)

| | | | രൂപ |
|---|---|---|---|
| (എ) | പേര് മാറ്റുന്നതിന് (പുതിയ പേരിനനുസൃതമായി ഒപ്പും മാറ്റുന്നതാണ് എന്ന് പരസ്യത്തിൽ പറയുകയാണെങ്കിൽ ഒപ്പ് മാറ്റുന്നതിനായി പ്രത്യേക ഫീസ് ആവശ്യമില്ല.) | .. | 1500 |
| (ബി) | ഒപ്പ് മാറ്റുന്നതിന് (പഴയ ഒപ്പും പുതിയ ഒപ്പും വെള്ള പേപ്പറിൽ കറുത്ത മഷികൊണ്ട് രേഖപ്പെടുത്തി നൽകണം. ഒപ്പ് മാറ്റുന്നതിനോടൊപ്പം ആവശ്യമെങ്കിൽ പേരും മാറ്റാവുന്നതാണ്. ഇതിന് പ്രത്യേക ഫീസ് ആവശ്യമില്ല.) | .. | 2142 |
| (സി) | മതം മാറ്റുന്നതിന് | .. | 1286 |
| (ഡി) | ജാതി തിരുത്തുന്നതിന് | .. | 1286 |
| (ഇ) | പാർട്ട് IV ഗസറ്റിന്റെ വില | .. | 99 |
| (എഫ്) | പാർട്ട് IV ഗസറ്റ് രണ്ട് കോപ്പികൾ വരെ രജിസ്റ്റർ ചെയ്ത് തപാലിൽ അയയ്ക്കുന്നതിന് (നിലവിലുള്ള തപാൽ നിരക്കിനനുസൃതം) (അതിനുമേൽ കോപ്പികൾ ഒന്നിന് അധികമായി 5 രൂപ വീതം) | .. | 30 |
| (ജി) | ജില്ലാ ഫാറം ആഫീസുകളിൽ ലഭിക്കുന്ന അപേക്ഷ ഗവൺമെന്റ് സെൻട്രൽ പ്രസ്സിലേക്ക് അയയ്ക്കുന്നതിന് ആവശ്യമായ രജിസ്ട്രേഷൻ ചാർജ്ജ് (നിലവിലുള്ള തപാൽ നിരക്കിനനുസൃതം) | .. | 30 |
| (എച്ച്) | അപേക്ഷാഫോറത്തിന്റെ വില | .. | 5 |

4. ഗസറ്റ് വിജ്ഞാപനത്തിനായി സമർപ്പിക്കുന്ന ഓരോ അപേക്ഷയോടുമൊപ്പം നിർദ്ദിഷ്ട പരസ്യക്കൂലിക്ക് പുറമെ അപേക്ഷാഫോറത്തിന്റെ വിലയായ 5 രൂപയും പാർട്ട് IV ഗസറ്റിന്റെ ഒരു കോപ്പിയുടെ വിലയായ 99 രൂപയും തപാൽ ചാർജ്ജും അടയ്ക്കണം. അപേക്ഷാഫാറം വാങ്ങുമ്പോൾ വില നൽകേണ്ടതില്ല.

5. പരസ്യക്കൂലി ഒടുക്കേണ്ട വിധം

(എ) തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലും ജില്ലാ ഫാറം സ്റ്റോറുകളിലും പണം നേരിട്ട് അടയ്ക്കാവുന്നതാണ്. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10.30 മുതൽ 1 മണിവരെയും ഉച്ചയ്ക്ക് 2 മണി മുതൽ 3.30 വരെയും പണം സ്വീകരിക്കുന്നതാണ്.

GCPT. 25/4143/2014/S-8.

(ബി) ചെലാൻ പ്രകാരം സർക്കാർ ട്രഷറിയിൽ നേരിട്ട് പണം ഒടുക്കാവുന്നതാണ്.

| പണം അടയ്ക്കേണ്ട അക്കൗണ്ട് ശീർഷകം |
|---|
| (i) പാർട്ട് ഗസറ്റിന്റെ വിലയും രജിസ്ട്രേഷൻ കൂലിയും മറ്റും |
| Sty. & Ptg. 0058 Cost of Gazette (102) |
| (ii) പരസ്യക്കൂലി: Sty. & Ptg. 0058 Advt. Charges (200) |

(സി) പോസ്റ്റൽ മണിയോർഡർ ആയിട്ടും തുക അടയ്ക്കാം. മണിയോർഡറിന്റെ കൂപ്പണിൽ തുക അടയ്ക്കുന്നതിന്റെ ആവശ്യം ശരിയായ അഡ്രസ് എന്നിവ വ്യക്തമായി രേഖപ്പെടുത്തണം. അപേക്ഷയിൽ പണം അടച്ചതിന്റെ തീയതി, തുക എന്നിവ വ്യക്തമായി രേഖപ്പെടുത്തണം. അപേക്ഷകൻതന്നെ ആയിരിക്കണം മണിയോർഡറും അയയ്ക്കേണ്ടതും. ഡിമാന്റ് ഡ്രാഫ്റ്റ്/ചെക്ക് എന്നിവ സ്വീകരിക്കുന്നതല്ല.

**6. അപേക്ഷ സമർപ്പിക്കേണ്ട വിധം**

(എ) പ്രായപൂർത്തിയായ ഓരോ വ്യക്തിയും പ്രത്യേകം പ്രത്യേകം (നിർദ്ദിഷ്ട ഫാറത്തിൽ എല്ലാ കോളങ്ങളും പൂരിപ്പിച്ച്) അപേക്ഷ സമർപ്പിക്കണം.

(ബി) മൈനറായ കുട്ടികളെ സംബന്ധിച്ച പരസ്യം അച്ഛൻ/അമ്മ/അംഗീകൃത രക്ഷാകർത്താവ് (അംഗീകൃത രക്ഷാകർത്താവാണെങ്കിൽ ആയതിന്റെ വ്യക്തമായ രേഖ ഹാജരാക്കണം) എന്നിവരിൽ ഒരാൾ അപേക്ഷിക്കണം. കുട്ടിയുടെ അമ്മ/അംഗീകൃത രക്ഷാകർത്താവ് എന്നിവർ അപേക്ഷിക്കുമ്പോൾ പിതാവിന്റെ സമ്മതപത്രം കൂടി ഹാജരാക്കണം.

(സി) ഒന്നിൽ കൂടുതൽ കുട്ടികളെ സംബന്ധിച്ച പരസ്യം ഒരേ വിജ്ഞാപനത്തിൽ പ്രസിദ്ധപ്പെടുത്താവുന്നതാണ്. എന്നാൽ, ഓരോ കുട്ടിക്കും പ്രത്യേകം പ്രത്യേകം ഫീസ് അടയ്ക്കണം.

(ഡി) കുട്ടികളുടെ പേര്, ജനനത്തീയതി, മാതാപിതാക്കളുടെ പേര് എന്നിവ ഉൾക്കൊള്ളുന്ന വിദ്യാലയ അധികൃതരുടെ സർട്ടിഫിക്കറ്റും ജനന സർട്ടിഫിക്കറ്റും മറ്റ് അംഗീകൃത രേഖകളും ഹാജരാക്കണം.

(ഇ) പേര് മാറ്റുന്നതിന് വിദ്യാഭ്യാസരേഖ കൂടാതെ റേഷൻകാർഡ്, ഇലക്ഷൻ കമ്മീഷന്റെ തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, ആധാർ, പാൻകാർഡ് എന്നിവകളുടെ പകർപ്പ് ഹാജരാക്കണം ആയത് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തണം. പേരിനൊപ്പം സ്ഥലപ്പേര് ചേർക്കണമെങ്കിൽ ടി ഉൾപ്പെടുത്തൽ സംബന്ധിച്ചുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തഹസിൽദാരിൽ നിന്ന് വാങ്ങി ഹാജരാക്കണം. വിദ്യാഭ്യാസ യോഗ്യതയില്ലാത്ത അപേക്ഷകരുടെ ജാതി, മതം, അച്ഛന്റെ പേര് എന്നിവ തെളിയിക്കുന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും ടി അപേക്ഷകൻ വിദ്യാഭ്യാസം ചെയ്തിട്ടില്ല എന്ന വിവരം ഉൾക്കൊള്ളുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം.

(എഫ്) കുട്ടികളുടെ മതംമാറ്റം (നിലവിലുള്ള നിയമത്തിന് വിധേയമായി) മാതാവ്/പിതാവ്/അംഗീകൃത രക്ഷാകർത്താവ് ഇവരിൽ ആരുടെയെങ്കിലും മതത്തിലേക്കായിരിക്കണം. മാതാവ്/പിതാവ്/അംഗീകൃത രക്ഷാകർത്താവ് ഇവരുടെ മതംമാറ്റ പരസ്യത്തിൽ ഉൾപ്പെടുത്തിയും കുട്ടികളുടെ മതം മാറാവുന്നതാണ്.

(ജി) കുട്ടികളുടെ പേര് മാറ്റം/ജാതി തിരുത്തൽ/മതംമാറ്റം സംബന്ധിച്ച അപേക്ഷയോടൊപ്പം അപേക്ഷകനെ സംബന്ധിച്ച രേഖകൾ (S.S.L.C. Book, Ration Card, El. I. D. Card, Aadhaar Card, Passport, Pan Card, Extract of Admission Register എന്നിവയുടെ പകർപ്പ്) കൂടി ഹാജരാക്കണം.

(എച്ച്) മരിച്ചയാളുടെ പേരുമാറ്റം/മതംമാറ്റം/ജാതി തിരുത്തൽ എന്നിവ സംബന്ധിച്ച അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

(ഐ) ജനനത്തീയതി തിരുത്തൽ സംബന്ധിച്ച പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.

(ജെ) മേൽവിലാസം മാറ്റുന്നതു സംബന്ധിച്ച പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.

**7. വിജ്ഞാപനം**

(എ) പേര്/ഒപ്പ്/മതം/ജാതി എന്നിവയെ സംബന്ധിച്ച് ഗസറ്റിൽ പരസ്യപ്പെടുത്തുന്നതിനുള്ള വിജ്ഞാപനത്തിന്റെ രണ്ട് കോപ്പി കടലാസ്സിന്റെ ഒരു വശത്തുമാത്രം വൃത്തിയായി ടൈപ്പ് ചെയ്ത് (ഡി.റ്റി.പി. കോപ്പി) അപേക്ഷകന്റെ നിലവിലുള്ള (പഴയ) പേരും ഒപ്പും രേഖപ്പെടുത്തണം. (വിജ്ഞാപനത്തിന്റെ മാതൃകയ്ക്ക് കേരള ഗസറ്റിന്റെ പാർട്ട് IV അഥവാ വെബ്സൈറ്റ് നോക്കുക.)

(ബി) അപേക്ഷയും വിജ്ഞാപനവും ഒരേ പേരിലും മേൽവിലാസത്തിലും ആയിരിക്കണം.

(സി) വിജ്ഞാപനത്തിൽ വിദ്യാഭ്യാസ യോഗ്യതകൾ, പാസ്പോർട്ട്, പാൻകാർഡ്, തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നീ രേഖകളുടെ ആണ്ട്, മാസം, രജിസ്റ്റർ നമ്പർ എന്നിവ വ്യക്തമായി രേഖപ്പെടുത്തണം. എസ്. എസ്. എൽ. സി. സർട്ടിഫിക്കറ്റുള്ളവർ അതിന്റെ ബുക്ക് നമ്പർ, രജിസ്റ്റർ നമ്പർ എന്നിവ ഉൾക്കൊള്ളുന്ന പുറം ചട്ടയുടെയും, പേര്, ജനനത്തീയതി, അച്ഛന്റെ പേര് തുടങ്ങിയവ ഉൾക്കൊള്ളുന്ന പേജിന്റെയും കോപ്പി ഉൾപ്പെടെ മറ്റ് എല്ലാ രേഖകളും സർക്കാർ സർവ്വീസിലുള്ള ഒരു ഗസറ്റഡ് ഓഫീസറെക്കൊണ്ട് പേരും ഉദ്യോഗപ്പേരും സഹിതം സാക്ഷ്യപ്പെടുത്തി അവയുടെ ഓരോ കോപ്പിയും അപേക്ഷയോടൊപ്പം ഹാജരാക്കണം.

(ഡി) ജോലിയുടെ വിവരം വിജ്ഞാപനത്തിൽ ഉൾക്കൊള്ളിക്കുന്നതിന് പ്രസ്തുത സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണം.

(ഇ) സ്കൂളിലോ കോളേജിലോ പഠിക്കുന്ന വിവരം വിജ്ഞാപനത്തിൽ ഉൾക്കൊള്ളിക്കുന്നതിന് പ്രസ്തുത വിദ്യാലയത്തിൽ നിന്നുള്ള (അഡ്മിഷൻ നമ്പർ, അഡ്മിഷൻ തീയതി, ജനനത്തീയതി, ഏതു ക്ലാസിലാണ് പഠിക്കുന്നത്, രക്ഷകർത്താവിന്റെ പേര് തുടങ്ങിയ വിവരം ഉൾപ്പെടെ) സർട്ടിഫിക്കറ്റ് (ഒറിജിനൽ) സമർപ്പിക്കണം.

(എഫ്) സ്വന്തം പേരിനോട് ഭർത്താവിന്റെ പേര് ചേർത്ത് പേരുമാറ്റം പ്രസിദ്ധപ്പെടുത്തുന്നതിന് 6(സി)-ൽ പറഞ്ഞിരിക്കുന്നതു പോലെ വിവാഹ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി ഹാജരാക്കണം.

(ജി) ഒന്നിൽ കൂടുതൽ പേര് പല രേഖകളിലുമുള്ള വ്യക്തികൾ, പ്രസ്തുത എല്ലാ രേഖകളുടെയും കോപ്പികൾ (വിവാദമാകാവുന്ന രേഖകൾ/വസ്തുവിന്റെ ആധാരങ്ങൾ ഒഴികെ) ഹാജരാക്കണം. ആ വിവരം വിജ്ഞാപനത്തിൽ രേഖപ്പെടുത്തുകയും വേണം. കൂടാതെ, ഒന്നിൽ കൂടുതൽ പേരുകളിൽ അറിയുന്നത് ഒരാൾ തന്നെയാണെന്നുള്ളതിനുള്ള തെളിവായി രേഖകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി (സർട്ടിഫിക്കറ്റ് നമ്പർ, തീയതി മുതലായവ) സർക്കാർ സർവ്വീസിലുള്ള ഒരു ഗസറ്റഡ് ഓഫീസറുടെ സർട്ടിഫിക്കറ്റുകൂടി അപേക്ഷയോടൊപ്പം ഹാജരാക്കണം. (വ്യത്യസ്തമായ ജനനത്തീയതിയുള്ള വിവിധ പേരുകളിലുള്ളവർ ഒരാളാണെന്ന പരസ്യം സ്വീകരിക്കുന്നതല്ല.)

(എച്ച്) മേൽവിലാസത്തിന് തെളിവായി റസിഡൻസ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ളവ ഹാജരാക്കണം. അഥവാ തത്തുല്യമായ (റേഷൻകാർഡ്/പാസ്പോർട്ട്/ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/ആധാർ കാർഡ് എന്നിവയുടെ) രേഖകൾ കൂടി ഹാജരാക്കണം.

(ഐ) പേരിനൊപ്പം ഇനിഷ്യൽ മാറ്റുന്നതിനുള്ള അപേക്ഷകളിൽ വ്യക്തമായ കാരണവും വിശദീകരണവും അത് തെളിയിക്കുന്ന രേഖകൾ സഹിതം സമർപ്പിക്കുന്നത് മാത്രമേ അനുവദിക്കുകയുള്ളു. കൂടാതെ ഇനിഷ്യലിന്റെ വികസിതരൂപം കൂടി ബ്രാക്കറ്റിൽ കാണിക്കേണ്ടതാണ്.

(ജെ) കൂടെ കൂടെയുള്ള പേരുമാറ്റം, മതംമാറ്റം ജാതി തിരുത്തൽ സംബന്ധിച്ച അപേക്ഷകൾ സ്വീകരിക്കുന്നതല്ല. എന്നാൽ, പ്രത്യേക സാഹചര്യങ്ങളിൽ ബന്ധപ്പെട്ട തഹസിൽദാരുടെ സർട്ടിഫിക്കറ്റ്, സർക്കുലേഷൻ കൂടുതലുള്ള രണ്ടു ദിനപത്രങ്ങളിൽ ടി വിവരം പരസ്യപ്പെടുത്തി ആയതിന്റെ പകർപ്പും, ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിന്റെ അഫിഡവിറ്റും സമർപ്പിക്കേണ്ടതും അവ സർക്കാർ അനുമതിയ്ക്കു വിധേയമായി പൂർണ്ണ പരിശോധനയ്ക്കുശേഷം പ്രസിദ്ധീകരിക്കുന്നതാണ്.

(കെ) അപേക്ഷ സമർപ്പിച്ചശേഷം പുനഃപരിശോധനയിൽ ഏതെങ്കിലും കൂടുതൽ വിവരങ്ങൾ ആവശ്യം വരുന്നവയുടെ രേഖകൾ നേരിട്ട് ഹാജരാക്കാൻ അപേക്ഷകർ ബാദ്ധ്യസ്ഥരാണ്.

**8. ഒപ്പ് മാറ്റം**

ഒപ്പ് മാത്രം മാറ്റുന്നതിന് പഴയ ഒപ്പും പുതിയ ഒപ്പും വെള്ള പേപ്പറിൽ കറുത്ത മഷികൊണ്ട് രേഖപ്പെടുത്തി രണ്ട് പകർപ്പ് വിജ്ഞാപനത്തിനോടൊപ്പം നൽകണം. അപേക്ഷാ ഫാറത്തിലെ 4, 4a എന്നീ കോളങ്ങളിൽ ഒപ്പ് രേഖപ്പെടുത്തണം. ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ട വിജ്ഞാപനത്തിൽ പഴയ ഒപ്പും പുതിയ ഒപ്പും രേഖപ്പെടുത്തണം. കൂടാതെ വിജ്ഞാപനം ഒപ്പിടണം. (പഴയ/നിലവിലുള്ള ഒപ്പ്) (ഗസറ്റ് പാർട്ട് IV കാണുക).

**9. മതപരിവർത്തനം**

ഹിന്ദു/മുസ്ലീം/ബുദ്ധ മതപരിവർത്തനത്തിന് സർട്ടിഫിക്കറ്റ് നൽകാൻ അധികാരമുള്ള അംഗീകൃത സംഘടനകൾ/ മതസ്ഥാപനങ്ങൾ തുടങ്ങിയവയുടെ പ്രസിഡന്റോ/ജനറൽ സെക്രട്ടറിയോ ഒപ്പിട്ട് നൽകുന്ന ആറുമാസത്തിനുള്ളിൽ നൽകിയിട്ടുള്ള മതപരിവർത്തന സർട്ടിഫിക്കറ്റോ സാക്ഷ്യപ്പെടുത്തിയ കോപ്പിയോ നൽകണം.

ക്രിസ്തുമതത്തിലേക്കുള്ള മതപരിവർത്തനത്തിന് ക്രിസ്ത്യൻ ദേവാലയസഭകളിൽനിന്ന് ലഭിക്കുന്ന ആറുമാസത്തിനുള്ളിൽ നൽകിയിട്ടുള്ള ബാപ്റ്റിസം സർട്ടിഫിക്കറ്റ് (ഒറിജിനൽ) (പഴയ പേര്/പുതിയപേര്/ജനനത്തീയതി/മാതാപിതാക്കളുടെ പേര്/ ബാപ്റ്റിസം ചെയ്ത തീയതി/രജിസ്റ്റർ/അംഗനമ്പർ തുടങ്ങിയ എല്ലാ വിവരങ്ങളും ഉൾക്കൊള്ളുന്നവ) ഹാജരാക്കണം. ദേവാലയങ്ങളുടെ/സഭയുടെ സർട്ടിഫിക്കറ്റിൽ മേൽവിലാസവും, ടെലിഫോൺ നമ്പർ സഹിതമുള്ള പൂർണ്ണ വിവരങ്ങളും ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ, നിലവിലുള്ള പരിവർത്തനത്തിനു മുൻപുള്ള മതം/ജാതി എന്നിവ തെളിയിക്കുന്ന വില്ലേജ് ഓഫീസറിൽനിന്നുള്ള ഒറിജിനൽ സർട്ടിഫിക്കറ്റും ഹാജരാക്കണം.

## മതപരിവർത്തനം നടത്തി നൽകുവാൻ സർക്കാർ ഉത്തരവ് പ്രകാരമുള്ള അംഗീകൃത ഹിന്ദുമത സംഘടനകൾ

(സർക്കാർ സർക്കുലർ നമ്പർ 18421/ഇ2/പജ.പവ.വിവ. തീയതി 15-12-1987)

(1) അഖില ഭാരത അയ്യപ്പ സേവാ സംഘം

(2) കേരളാ ഹിന്ദുമിഷൻ, തിരുവനന്തപുരം

(3) ആൾ ഇന്ത്യാ ദയാനന്ദ സാൽവേഷൻ മിഷൻ (ആര്യസമാജ്, കേരള ബ്രാഞ്ച്, തിരുവനന്തപുരം)

(4) കാലിക്കറ്റ് ആര്യസമാജ്, ആര്യസമാജ്മന്ദിർ, പുതിയറ പി. ഒ., കാലിക്കറ്റ്-673 004

(5) ശ്രീരാമദാസമിഷൻ, യൂണിവേഴ്സൽ സൊസൈറ്റി, ശ്രീനീലകണ്ഠപുരം, തിരുവനന്തപുരം-695 581.

## മതപരിവർത്തനം നടത്തി നൽകുവാൻ സർക്കാർ ഉത്തരവ് പ്രകാരമുള്ള അംഗീകൃത മുസ്ലീം മത സംഘടനകൾ

[G. O. (Ms.) No. 75/2004/SC/STDD dated 30-10-2004]

[G. O. (Ms.) No. 80/2004/SC/STDD dated 9-11-2004]

(1) മൗനത്തുൽ ഇസ്ലാം അസോസിയേഷൻ, പൊന്നാനി, മലപ്പുറം.

(2) തർബിയത്തുൽ ഇസ്ലാം സഭ, പി. കെ. റോഡ്, മുഘാദർ, കോഴിക്കോട്.

## മതപരിവർത്തനം നടത്തി നൽകുവാൻ സർക്കാർ ഉത്തരവ് പ്രകാരമുള്ള അംഗീകൃത ബുദ്ധമത സംഘടന

[G. O. (Ms.) No. 23/08/SCSTDD dated 15-2-2008]

(1) ചെയർമാൻ, ലോർഡ് ബുദ്ധ യൂണിവേഴ്സൽ സൊസൈറ്റി, ജലധാര, ഉള്ളൂർ ഭാസി നഗർ, മെഡിക്കൽ കോളേജ് പി. ഒ., തിരുവനന്തപുരം-695 011.

**10. ജാതി തിരുത്തൽ**

ജാതി തിരുത്തുന്നത് സംബന്ധിച്ച തഹസിൽദാരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ജാതി തിരുത്തി പട്ടികജാതിയിൽ/ പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്നതിന് ആന്ത്രോപ്പോളജിക്കൽ സർവ്വേയുടെ അടിസ്ഥാനത്തിലുള്ള തഹസിൽദാരുടെ അസ്സൽ സർട്ടിഫിക്കറ്റ് ഹാജരാക്കണം. ആന്ത്രോപ്പോളജിക്കൽ സർവ്വേ നടത്തിയ കത്തിന്റെ ശരിപ്പകർപ്പ് ഗസറ്റഡ് ആഫീസറെക്കൊണ്ട് സാക്ഷ്യപ്പെടുത്തി ഹാജരാക്കണം. ജാതി തിരുത്തി പിന്നോക്ക സമുദായത്തിൽ ഉൾപ്പെടുത്തുന്നതിന് ആന്ത്രോപ്പോളജിക്കൽ സർവ്വേ ആവശ്യമില്ലെന്ന് രേഖപ്പെടുത്തിയ തഹസിൽദാരുടെ അസ്സൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. തഹസിൽദാരുടെ സർട്ടിഫിക്കറ്റ് തിരിച്ച് നൽകുന്നതല്ല.

**11. സാക്ഷ്യപത്രം**

അപേക്ഷയിലെ കുറിപ്പ് ഒന്നിൽ പറയുന്ന ഏതെങ്കിലും ഓഫീസറെകൊണ്ടുമാത്രം സാക്ഷ്യപ്പെടുത്തണം. പ്രസ്തുത ഓഫീസറുടെ പേരും ഒപ്പും ഉദ്യോഗപ്പേരും ഓഫീസ് സീലും വ്യക്തമായി രേഖപ്പെടുത്തണം.

**12.** ആവശ്യമുള്ളത്ര പാർട്ട് IV ഗസറ്റിന് അപേക്ഷയോടൊപ്പം പണം അടയ്ക്കണം. വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയതിനുശേഷം ഗസറ്റിന്റെ കൂടുതൽ കോപ്പികൾ പ്രസ്സിൽനിന്നും ലഭിക്കുന്നതല്ല.

**13.** ഗസറ്റ് വിജ്ഞാപനം ചെയ്ത ഗസറ്റ് ബന്ധപ്പെട്ടവർക്ക് അവരുടെ ചെലവിൽ രജിസ്റ്റേർഡ് തപാലിൽ അയച്ചുകൊടുക്കുന്നതാണ്.

**14.** അഡ്രസ്സിൽ ആളില്ലാതെ മടങ്ങിവരുന്ന ഗസറ്റുകൾ ആറുമാസംവരെ സൂക്ഷിക്കുന്നതാണ്. ഈ കാലയളവിനുള്ളിൽ പണം ഒടുക്കിയ ആൾ രസീതുമായി അപേക്ഷ സഹിതം തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ പരസ്യ വിഭാഗത്തിൽ നേരിൽവന്ന് ഗസറ്റ് കൈപ്പറ്റേണ്ടതാണ്.

**15.** വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ രേഖകളിൽ തിരുത്തലുകൾ വരുത്തുന്നത് ഈ വകുപ്പിന്റെ അധികാര പരിധിയിലുള്ള വിഷയമല്ല. ആയത് അതത് വകുപ്പുകളുടെ നിയമമനുസരിച്ച് ആ വകുപ്പുകൾ ചെയ്യേണ്ടുന്ന കാര്യമാണ്. ഇത്തരം പരാതികൾ ഈ വകുപ്പ് സ്വീകരിക്കുന്നതല്ല.

**16.** വിജ്ഞാപനം പ്രസിദ്ധീകരിച്ചതിനുശേഷം ആയതിൽ തിരുത്തലുകൾ വരുത്തേണ്ടതുണ്ടെങ്കിൽ 60 ദിവസത്തിനകം ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**17. അന്വേഷണം**

മേൽ സൂചിപ്പിച്ച കാര്യങ്ങളിൽ സംശയനിവാരണത്തിനായി പ്രവൃത്തി ദിവസങ്ങളിൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ് പരസ്യ വിഭാഗത്തിൽ 0471-2331360, എക്സ്റ്റൻഷൻ 228, 229 എന്നീ ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

## ജില്ലാ ഫാറം സ്റ്റോറുകളുടെ മേൽവിലാസം

ജില്ലാ ഫാറം ഓഫീസർ,
ജില്ലാ ഫാറം സ്റ്റോർ,
ഗവ. പ്രസ്സ് ബിൽഡിംഗ്സ്,
മണ്ണന്തല, തിരുവനന്തപുരം,
പിൻ-695 015
0471-2114160.

ജില്ലാ ഫാറം ഓഫീസർ,
ജില്ലാ ഫാറം സ്റ്റോർ, ഗവ. പ്രസ്സ് കെട്ടിടം,
ബിൽഡിംഗ് നമ്പർ ക്യൂ. എം. സി-621,
മൈലാപ്പൂര, ഉമയനെല്ലൂർ,
കൊല്ലം
0474-2535200

ജില്ലാ ഫാറം ഓഫീസർ,
ജില്ലാ ഫാറം സ്റ്റോർ,
ബിൽഡിംഗ് നമ്പർ പി. എം. സി-9/144,
ജില്ലാ ആശുപത്രിക്കുസമീപം,
ഡോക്ടേഴ്സ് ലെയ്ൻ,
പേട്ട, പത്തനംതിട്ട-689 645
0468-2271109.

ജില്ലാ ഫാറം ഓഫീസർ,
ജില്ലാ ഫാറം സ്റ്റോർ,
ബിൽഡിംഗ് നമ്പർ 1095/CF/33/1036,
IInd floor KVTS,
കൂട്ടിങ്ങൽ വടക്കനാട് പി.ഒ.,
കളർകോട്, ആലപ്പുഴ ബൈപാസ് റോഡ്,
ആലപ്പുഴ 688 003
0477-2268254.

ജില്ലാ ഫാറം ഓഫീസർ,
ജില്ലാ ഫാറം സ്റ്റോർ,
ഗവ. പ്രസ്സ് ബിൽഡിംഗ്സ്,
വാഴൂർ, കോട്ടയം ജില്ല,
പിൻ-686 504
0481-2455160.

ജില്ലാ ഫാറം ഓഫീസർ,
ജില്ലാ ഫാറം സ്റ്റോർ,
കുന്നുംപുറം റോഡ്,
കാക്കനാട്, കൊച്ചി-30
0484-2426593.

ജില്ലാ ഫാറം ഓഫീസർ,
ജില്ലാ ഫാറം സ്റ്റോർ,
മാർക്കറ്റ് ബിൽഡിംഗ്,
അരനാട്ടുകര, 35എ ഹാൾ,
തൃശ്ശൂർ-680 618,
0487-2384177.

ജില്ലാ ഫാറം ഓഫീസർ,
ജില്ലാ ഫാറം സ്റ്റോർ,
ഗവ. പ്രസ്സ് ബിൽഡിംഗ്,
ഷൊർണ്ണൂർ-2, പാലക്കാട്,
0466-2220429.

ജില്ലാ ഫാറം ഓഫീസർ,
ജില്ലാ ഫാറം സ്റ്റോർ,
ബിൽഡിംഗ് നമ്പർ 8,
സിവിൽ സ്റ്റേഷൻ, മലപ്പുറം-5,
പിൻ-676 505,
0483-2730199.

ജില്ലാ ഫാറം ഓഫീസർ,
ജില്ലാ ഫാറം സ്റ്റോർ,
വെള്ളിമാടുകുന്ന്,
കോഴിക്കോട്
0495-2730540.

ജില്ലാ ഫാറം ഓഫീസർ,
ജില്ലാ ഫാറം സ്റ്റോർ,
ഗവ. പ്രസ്സ് ബിൽഡിംഗ്,
പള്ളിക്കുന്ന് പി. ഒ.,
കണ്ണൂർ-670 004,
0497-2746406.

ജില്ലാ ഫാറം ഓഫീസറുടെ ചുമതലയുള്ള
സീനിയർ സൂപ്രണ്ട്,
ജില്ലാ ഫാറം സ്റ്റോർ,
ഗവ. പ്രസ്സ് ബിൽഡിംഗ്,
മേപ്പാടി, വയനാട്
04936-281190